കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി.19-1939/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്കാര്യാലയം, പാലക്കാട്,
തീയതി-08-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടവന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും, ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.19-1939/17 തീയതി-08.11.2017

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-11-16 മുതൽ 31-07-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ.പി.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-08-17 മുതൽ<br>09-08-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിന്ദു.പി.ജി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.പി.രമാദേവി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി. സരിത.പി<br>സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സൈരന്ധ്രിനാരായൺ | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.എം. സിറാജുദ്ദീൻ | 1.4.2016 മുതൽ 31.5.2016 വരെ |
| | ശ്രീ.വി.മോഹനദാസൻ | 1.6.2016 മുതൽ 25.8.2016 വരെ |
| | ശ്രീ.എസ്.എസ്.നൗഫൽ | 26.8.2016 മുതൽ 31.3.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാജി.പി | 1.04.16 മുതൽ 2.01.17വരെ |
| | ശ്രീ. വിമല ചന്ദ്രൻ.വി.എസ് | 3.01.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഡാലിയ ബാലകൃഷ്ണൻ | 1.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ശിവദാസമേനോൻ | 1.04.16മുതൽ 31.03.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ലിസ്സിജോസഫ് | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ | ശ്രീമതി.പാർവ്വതി | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഭാഗ്യലത | 1-4-16 മുതൽ |

| | | |
|---|---|---|
| | | 31.03.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ജി.രമേഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. കെ.എസ്.ഉണ്ണി | 1-4-16 മുതൽ 30.07.16വരെ |
| | ശ്രീമതി.സജ്ന.ആർ | 1.08.16 മുതൽ 31-3-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ബേബി | 1-4-16 മുതൽ 31-3-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പ്രിൻസി ജോൺ | 1-4-16 മുതൽ 31-3-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 81390500/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്) ചെലവ് 78113500/-രൂപയും നീക്കിയിരിപ്പ് 3277000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 23.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 1562703 |
| വരവ് | 36973307 |
| ആകെ | 38536010 |
| ചെലവ് | 35366822 |
| നീക്കിയിരിപ്പ് | 3169188 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ബജറ്റ് പ്രൊവിഷൻ | തൻവർഷ വരവ് (അപ്രോപ്പറിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 7149000 | 8877491 | 8877491 | 7292132 | 1585359 | 82.14 |
| വികസന ഫണ്ട് എസ്.സി.പി | 0 | 7587000 | 7586931 | 7586931 | 3668909 | 3918022 | 48.35 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 10000 | 10086 | 10086 | 0 | 10086 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 8520000 | 8519883 | 8519883 | 0 | 8519883 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2550000 | 2554755 | 2554755 | 1347812 | 1206943 | 52.75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4401000 | 4978445 | 4978445 | 3603939 | 1374506 | 72.39 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | | 2968081 | 2968081 | 2136883 | 831198 | 71.99 |

സാമ്പത്തിക വർഷം സംരക്ഷണ ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും ചെലവ് ഇല്ല. എസ്.സി.പി.ഫണ്ട് 50 ശതമാനത്തിൽ താഴെയാണ് ചെലവ് വന്നിട്ടുള്ളത്. പഞ്ചായത്തിന്റെ സാമൂഹിക, സാസ്കാരിക, സാമ്പത്തിക മേഖലകളുടെ വികസനത്തിനും , സംരക്ഷണത്തിനും സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി പദ്ധതി ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിന് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 134 | 46188524 | 80 | 18049675 | 53 |

അംഗീകാരം ലഭ്യമായ 134 പ്രൊജക്ടുകളിൽ 80 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 39% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 4541667 | 2354155 | 52 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 7 | 3797760 | 2509000 | 66 |
| വെറ്ററിനറി സർജൻ | 3 | 3 | 4970000 | 377500 | 8 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3110717 | 2065206 | 66 |
| സെക്രട്ടറി | 29 | 24 | 4624381 | 3816354 | 82.52 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 65 | 24 | 17415815 | 4487961 | 25.76 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 808200 | 505500 | 63 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 54000 | 54000 | 100 |
| അസി.സെക്രട്ടറി | 11 | 5 | 5945984 | 1080000 | 18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 520000 | 399999 | 77 |
| ആകെ | 134 | 80 | 46188524 | 18049675 | 39 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1785883 | 2978209 | 1192326 | (+)66.76 |
| നികുതിയേതര വരവുകൾ | 1328358 | 1299242 | 29116 | (-)2.19 |
| ആകെ | 3114241 | 4277451 | 1163210 | 38 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ | അന്വേഷണം കഴിഞ്ഞ് തിരിച്ച് ലഭിക്കാത്തവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 5 | 0 | 2 |
| 2 | വിധവാ പെൻഷൻ | 37 | 26 | 3 | 8 |
| 3 | വികലാംഗ പെൻഷൻ | 18 | 15 | 0 | 3 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 0 | 3 | 2 |
| 5 | വാർദ്ധക്യകാല പെൻഷൻ | 261 | 225 | 36 | 0 |

| | | | | | |
|---|---|---|---|---|---|
| 6 | തൊഴിൽ രഹിത വേതനം | 2 | 1 | 1 | 0 |

സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ കാലതാമസം വരുത്താതെ തീർപ്പുകല്പിക്കേണ്ടതാണ്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 64-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.8.2017, 2.45 pmന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4976/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.6.2017 | 1.4.2017-31.5.2017 | 15.6.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.1.2016-29.1.2016 | 2010-2011 മുതൽ 2014-2015 | 5.3.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡോ.എം.ജി.ആർ സ്മാരക കമ്മ്യൂണിറ്റി ഹാൾ - മലിനീകരണ നിയന്ത്രണസംവിധാനങ്ങളില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന ആസ്തിയായ ഡോ.എം.ജി.ആർ സ്മാരക കമ്മ്യൂണിറ്റി ഹാൾ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ലാത്തതിനാൽ നിലവിൽ അടച്ചു പൂട്ടൽ ഭീഷണി നേരിടുകയാണ്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെയാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. വടവന്നൂർ ഗ്രാമപഞ്ചായത്തിലെ മാത്രമല്ല തൊട്ടടുത്ത മൂന്ന് ഗ്രാമപഞ്ചായത്തുകളിലേയും പാവപ്പെട്ട ജനങ്ങളുടെ വിവാഹാദി ചടങ്ങുകൾ താരതമ്യേന കുറഞ്ഞ ചെലവിൽ നടത്താനുള്ള ഏക ആശ്രയമാണ് ഈ സ്ഥാപനം. പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ സ്ഥാപനത്തിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തുകയും ഡോ.എം.ജി.ആർ-ന്റെ ജന്മനാടായ വടവന്നൂരിൽ അദ്ദേഹത്തിന്റെ പേരിൽ സ്ഥിതി ചെയ്യുന്ന കല്യാണമണ്ഡപത്തെ അടച്ചു പൂട്ടലിൽ നിന്നും രക്ഷിക്കുകയും

ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് പരിശോധിക്കുകയുമായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം.

പരിശോധനയുടെ വിശദാംശങ്ങൾ

കല്യാണമണ്ഡപം ഫയൽ, വരവു ചെലവുകണക്കുകൾ ഇവ ഓഡിറ്റിന് വിധേയമാക്കി. മണ്ഡപം ഫയൽ പരിശോധിച്ചതിൽ നിന്ന് മണ്ഡപത്തിനെതിരെ ധാരാളം പരാതികൾ നിലനിൽക്കുന്നതായി കണ്ടു. മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനങ്ങളില്ലാത്തതിനാൽ പുറകുവശത്തെ തുറസ്സായ സ്ഥലത്ത് ഭക്ഷണാവശിഷ്ടങ്ങൾ, ഇല, പ്ലാസ്റ്റിക് ഇവ കൂട്ടിയിട്ട് കത്തിക്കുകയും ഇതിൽ നിന്നുണ്ടാകുന്ന പുക, ദുർഗന്ധം, ഇവ മൂലം വളരെയേറെ ബുദ്ധിമുട്ടുകൾ കൊച്ചു കുഞ്ഞുങ്ങളടക്കമുള്ള പരിസരവാസികൾക്ക് ഉണ്ടാകുന്നുവെന്ന ഗുരുതരമായ പ്രശ്നം പരാതികളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ മണ്ഡപത്തിന്റെ മുറ്റത്തിന് സൗകര്യം കുറവായതിനാൽ വരുന്ന വാഹനങ്ങളും ആളുകളും റോഡിൽ തന്നെ തടിച്ചു കൂടുന്ന സ്ഥിതിവിശേഷമുള്ളതായും ഇത് പരിസരവാസികൾക്ക് ഗതാഗത തടസ്സമുണ്ടാക്കുന്നതായും പരാതിയിൽ പറയുന്നു.

വരവുചെലവു കണക്കുകൾ പരിശോധിച്ചതിൽ നിന്നും 2016-17 വർഷത്തിൽ 134 വിവാഹങ്ങൾ മാത്രം ഈ കല്യാണ മണ്ഡപത്തിൽ നടന്നിട്ടുണ്ട്. കൂടാതെ മറ്റ് ചെറിയ പരിപാടികളും മറ്റും നടന്നിട്ടുണ്ട്.

വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിലെ ആകെ വരവ് 641750/- രൂപയാണ്. വാടകയിനത്തിൽ മാത്രം ഇത് 511000/- രൂപയാണ്. തിരികെ നൽകുന്ന മുൻകൂർ അഡ്വാൻസ് കഴിച്ച് 4950/-രൂപയാണ് ഒരു ദിവസത്തെ ചടങ്ങിനായി ഒരു കക്ഷിയിൽ നിന്നും ഈടാക്കുന്നത്. കല്യാണ മണ്ഡപത്തിന്റേതായി സേവന നികുതി, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലായി 124340/-രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് ചെലവഴിച്ചിട്ടുള്ളത്. മണ്ഡപത്തിന്റെ വാടക പഞ്ചായത്തിന്റെ മുഖ്യവരുമാനമാർഗ്ഗമാണെങ്കിലും താരതമ്യേന വളരെ കുറഞ്ഞ വാടക മാത്രമാണിത്.

കല്യാണമണ്ഡപത്തിന്റെ സാഹചര്യം നേരിൽ കണ്ട് പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം, ഗ്രാമപഞ്ചായത്ത് അധികൃതരോടൊപ്പം 9-08-17 ന് സ്ഥലപരിശോധന നടത്തി.

സ്ഥലപരിശോധനയുടെ വിശദാംശങ്ങൾ

കല്യാണമണ്ഡപം സ്ഥിതി ചെയ്യുന്നത് വൈദ്യശാലാറോഡിലാണ്. വീതി കുറഞ്ഞ റോഡാണിത്. മണ്ഡപത്തിന്റെ മുൻവശത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് മതിയായ സൗകര്യമില്ല. 30 സെന്റ് സ്ഥലത്തിന്റെ 80 ശതമാനത്തിലധികം സ്ഥലത്തിലും കെട്ടിടം സ്ഥിതി ചെയ്യുന്നു. ഒരു വശത്ത് കിണറും

കുറച്ച് മുറ്റവും ഉണ്ട്. എന്നാൽ മണ്ഡപത്തിന്റെ ഉൾവശം വളരെ വിശാലമാണ്. എല്ലാ സൗകര്യത്തോടും കൂടിയ സ്റ്റേജ്, ധാരാളം കസേരകൾ മേശകൾ, വിശാലമായ ഡൈനിംഗ് ഹാൾ, പ്രവർത്തനത്തിനാവശ്യമായ വിവിധ തരം പാത്രങ്ങൾ ഇവ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഒരു വശത്ത് ധാരാളം തണൽമരങ്ങൾ ഉണ്ട്. ഇവയുടെ എല്ലാം സംരക്ഷണത്തിനായി ചാമി എന്ന സൂക്ഷിപ്പുകാരൻ ഉണ്ട്.





സ്ഥലത്തിന്റെ മുക്കാൽ ഭാഗവും കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ പുറകു വശത്തിന്റെ സ്ഥിതി പരാതികളിൽ ഉന്നയിക്കുന്നതു പോലെ ശോചനീയമാണെന്ന് നേരിൽ കണ്ട് ബോധ്യപ്പെട്ടു. അടുക്കളയിൽ ചിമ്മിനി സൗകര്യമില്ലാത്തതിനാൽ പുക പ്രശ്നങ്ങൾ ഉണ്ട്. മലിനജല സംസ്കരണത്തിനായി ശാസ്ത്രീയമായ രീതിയിൽ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് ഇവ ഇല്ല. ഖരമാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കുന്നില്ല. സിമന്റ് കൊണ്ട് കെട്ടിയുണ്ടാക്കിയ ഒരു തുറന്ന സംഭരണിയിൽ ഖരമാലിന്യങ്ങൾ ഇട്ട് കത്തിക്കുകയാണ് ചെയ്യുന്നത്. ഭക്ഷണം വിളമ്പുന്നതിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ട്രേകളുടെ പാതി കത്തിയ അവശിഷ്ടങ്ങൾ ഈ സംഭരണിയിൽ കിടക്കുന്നതായി കണ്ടു. ചിത്രങ്ങൾ താഴെ ചേർക്കുന്നു.





പരിസരവാസികൾ മലിനീകരണ നിയന്ത്രണബോർഡ്, ജില്ലാകളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിജിലൻസ് കമ്മിറ്റി എന്നിവർക്ക് പരാതികൾ നൽകിയതിനെ തുടർന്ന് മലിനീകരണ നിയന്ത്രണബോർഡ് കത്ത് നം.പിസിഡി/പി എൽ.കെ.ഡി/റ്റി.ജി-177/2011 തീയ്യതി 16-1-2017 പ്രകാരം

പ്രകൃതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ മാലിന്യ സംസ്കരണത്തിനുള്ള ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും 30 ദിവസത്തിനകം ഇവ നടപ്പിലാക്കി അറിയിക്കണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തു.

പഞ്ചായത്ത് സ്വീകരിച്ച നടപടികൾ

കമ്മ്യൂണിറ്റി ഹാളുമായി ബന്ധപ്പെട്ട പരാതികളിൻമേൽ ശാശ്വത പരിഹാരം കാണുന്നതിനായി പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മ്യൂണിറ്റി ഹാളിലെ ടോയ് ലറ്റ് അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുകയും അടിയന്തിര പ്രാധാന്യം കണക്കാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ 9-08-17ലെ സ്ഥലപരിശോധനാവേളയിലും നടപടികൾ പൂർത്തിയായിട്ടില്ല.

മണ്ഡപം ശുചീകരണത്തിനായി 4 തൊഴിലാളികളെ പഞ്ചായത്ത് നേരിട്ട് നിയമിച്ചിട്ടുള്ളതാണ്. കൂടാതെ വിവാഹസൽക്കാര വേളകളിലെ വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിനായി ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയോഗിച്ചിട്ടുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ ഉടനടി നീക്കം ചെയ്യുന്നതിനും ഏർപ്പാടുകൾ ചെയ്തിട്ടുള്ളതായി പറയുന്നു. മേൽ പറഞ്ഞ ശുചീകരണ സെക്യൂരിറ്റി സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളുടെ പരാതി പരമാവധി പരിഹരിച്ചു കൊണ്ടാണ് മണ്ഡപത്തിന്റെ പ്രവർത്തനം നടന്നു വരുന്നതെന്നും ലാഭാധിഷ്ഠിതമായല്ല, സേവനാധിഷ്ഠിതമായാണ് മണ്ഡപം പ്രവർത്തിക്കുന്നത് ആയതിനാൽ ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാലിന്യ സംസ്കരണത്തിന് പുതിയ രീതികൾ അവലംബിക്കുന്നതാണെന്നുമാണ് നിലവിൽ പഞ്ചായത്തിന്റെ പക്ഷം.

12-7-2010 ലാണ് മണ്ഡപം പൊതു ജനങ്ങൾക്ക് തുറന്നു കൊടുത്തിരിക്കുന്നത്. 7 വർഷങ്ങൾ കൊണ്ടു തന്നെ ഇത്രയേറെ പരാതികൾക്കിടയായത് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലാണെന്ന് വിലയിരുത്തുന്നു. ഒരേ സമയം പഞ്ചായത്തിന് വരുമാനദായകവും പാവപ്പെട്ട പൊതുജനങ്ങൾക്ക് പ്രയോജനപ്രദവുമായ ഒരു സംരംഭം പരിസരവാസികളായ ജനങ്ങൾക്ക് വലിയ തോതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. പരാതികളില്ലാത്ത രീതിയിൽ സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന് കൂട്ടായപരിശ്രമം ഉണ്ടാവേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) മലിനീകരണ നിയന്ത്രണബോർഡിന്റെ നിർദ്ദേശങ്ങളനുസരിച്ച് ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. മലിനജല സംസ്കരണത്തിനായി

സെപ്റ്റിക് ടാങ്ക് ,സോക്പിറ്റ് എന്നിവ നിർമ്മിക്കേണ്ടതാണ്.

2) പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് പുനർചംക്രമണത്തിന് കൈമാറേണ്ടതാണ്.

3) അടുക്കളയിൽ കഴിവതും എൽ.പി.ജി അടുപ്പുകളുപയോഗിക്കുക.

4) വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുക.

5) കല്യാണ മണ്ഡപത്തിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിതഭാഗം മണ്ഡപം സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയായി സൂക്ഷിക്കുന്നതിനായുള്ള ചെലവുകൾക്ക് തന്നെ ഉപയോഗിക്കുക.

6) സ്ഥാപനം വൃത്തിയായും പരാതികളില്ലാതെയും സൂക്ഷിക്കേണ്ടതിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുക.

## 2-2 സാനിറ്ററി സംവിധാനങ്ങളൊരുക്കാത്ത ഭക്ഷ്യവില്പനശാലകൾക്ക് ലൈസൻസ് നൽകി

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം അനുമതി പത്രം ആവശ്യമായ വ്യവസായങ്ങളിലുൾപ്പെട്ട ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുകയും സംഭരിക്കുകയും വില്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുമുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഡി & ഒ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും മാലിന്യനിർമ്മാർജ്ജനത്തിനായി സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. താഴെപറയുന്ന സ്ഥാപനങ്ങൾക്ക് മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഇല്ല.

| | | | |
|---|---|---|---|
| ഹോട്ടൽ കാർത്തിക ഊട്ടറ | മുരളീധരൻ.എം | 228/10 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| വി.എം.എച്ച്.എസ് കാന്റീൻ, വടവന്നൂർ | പ്രവീൺ രാജു. എസ് ശ്രീ വിജയം | 443/3 | സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് മതിയായ സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല. |

| | | | |
|---|---|---|---|
| വേണുഗോപാലൻ.സി, ടീ ഷോപ്പ് | വേണുഗോപാലൻ.സി | 90/4 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| ശ്രീകൃഷ്ണാ ചിപ്സ് | കൃഷ്ണൻ,s/o തോമസ് മെന്റസ് | 12/362 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| ഉമ്മർകോയ റൈസ് & ഓയിൽ ഫ്ലോർ മിൽ | ബാപ്പു റാവുത്തർ | 122/5 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| കാഞ്ചന ഫുഡ്<br><br>പ്രോഡക്ട്സ് വർക്ക്സ്, | ബിന്ദു.വി.മേനോൻ,<br><br>ശാന്തി നിലയം | 261/2 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല,സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| ഷാന ബേക്കറി | സക്കീർ ഹുസൈൻ, വടക്കും മുറി | 430/2 | മാലിന്യനിയന്ത്രണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |

മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി മതിയായ ശുചീകരണ സംവിധാനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയിട്ടില്ല

ശ്രീ.എ.എസ്.വാസുദേവൻ ഉടമസ്ഥനായ ആറ്റൂർ ഡയറി ഫാം 122/4 കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായി ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു. സ്ഥാപനത്തിന് 2012-ലെ കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയിട്ടില്ല. പ്രസ്തുത ഫാമിൽ വളർത്തുന്ന മൃഗങ്ങളുടെ എണ്ണം, ഈ ആവശ്യത്തിലേക്ക് ലഭ്യമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം, കെട്ടിടത്തിന്റെ വിവരണം, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ, പരിസരത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം ഇവ പരിശോധിച്ച് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-4 കുടിവെള്ള പദ്ധതി നടത്തിപ്പ് - വരവ്-ചെലവ് സംബന്ധിച്ച്

നിലവിൽ 3 കുടിവെള്ള പദ്ധതികളാണ് പഞ്ചായത്ത് ഏറ്റെടുത്ത് പരിപാലിച്ച് വരുന്നത്. ചമ്പക്കുളം, വടകന്യാപുരം, തങ്കയം എന്നിവയാണ് 3 കുടിവെള്ള പദ്ധതികൾ. നിലവിലുള്ള രേഖകൾ പ്രകാരം ഇവയിൽ ഗാർഹിക കണക്ഷനുകൾ മാത്രമാണുള്ളത്. വാട്ടർ ചാർജ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2016-17 വർഷത്തിൽ വെള്ളക്കരമായി ഗാർഹിക കണക്ഷനുകൾക്ക് 75/- രൂപയും വാട്ടർ കണക്ഷൻ ചാർജായി 500/- രൂപയുമാണ് ഈടാക്കി വരുന്നത്.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാട്ടർ ചാർജ് വരവ്:

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 337650 | 168560 | 169090 |
| കുടിശ്ശിക | 182770 | 95650 | 87120 |
| ആകെ | 520420 | 264210 | 256210 |

കുടിശ്ശികയായി നല്ലൊരു തുക പിരിച്ചെടുക്കാനുണ്ട്.

പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ഈ പദ്ധതികളുടെ നടത്തിപ്പിനായി 2016-17-ലെ ആവർത്തന ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം,<br>മീറ്റർ റീഡിംഗ് വേതനം | 126000/- |
| അറ്റകുറ്റപണികൾ | 152807/- |
| ഇലക്ട്രിസിറ്റി ചാർജ് | 258589/- |
| ആകെ | 537396/- |

2016-17 ലെ വാട്ടർ ചാർജ് വരവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാണ്.

| | |
|---|---|
| തൻവർഷ വരവ് | 168560 |
| കുടിശ്ശിക വരവ് | 95650 |
| ആകെ വരവ് | 264210 |
| ചെലവ് | 537396 |
| വ്യത്യാസം | 27318 |

വാട്ടർ ചാർജ് വരവിനേക്കാൾ വളരെ കൂടുതലാണ് ചെലവ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാട്ടർചാർജ് മിതമായ രീതിയിൽ വർദ്ധിപ്പിച്ചും, നിശ്ചിത പരിധിയിലധികം വരുന്ന ഉപയോഗത്തിന് മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ അധികനിരക്ക് കൃത്യമായി പരിച്ചെടുത്തും, ഗാർഹികേതര കണക്ഷൻ വാട്ടർ ചാർജ് മിതമായ രീതിയിൽ വർദ്ധിപ്പിച്ചും, വാട്ടർ ചാർജിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാവുന്നതാണ്.

കുടിവെള്ള പദ്ധതികൾ – നടത്തിപ്പ് സംരക്ഷണം സർക്കാർ ഉത്തരവ് (സാധാ)നം.1275/2009 /ത.സ്വ.ഭ.വ തീയതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-5 ഓഡിറ്റ് നിർദ്ദേശപ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച നടപടി അഭിനന്ദനാർഹം

ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഗൗരീ ശങ്കർ കല്യാണമണ്ഡപത്തിന്റെ (1/358) വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. പ്രസ്തുതമണ്ഡപം 400 ച.മീ തറവിസ്തീർണ്ണമുള്ള ഒറ്റ നില കെട്ടിടമായാണ് പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ രേഖകളിൽ രേഖപ്പെടുത്തിയിരുന്നത്. ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 2 നിലകളുള്ള കെട്ടിടത്തിലാണ് മണ്ഡപം പ്രവർത്തിക്കുന്നതെന്ന് നേരിട്ട് ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തതിനാൽ ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം എഞ്ചിനീയർ പരിശോധിച്ച് നിലവിൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 577.21 ച.മീ ആണെന്ന് കണ്ടെത്തി. പഞ്ചായത്ത് രേഖകളിലും സഞ്ചയ സോഫ്റ്റ് വെയറിലും ശരിയായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കുകയും 2013-14 മുതൽക്കുള്ള കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കുകയും ചെയ്തു. (വസ്തു നികുതി 27916/-രൂപ, പിഴപ്പലിശ

3556/-രൂപ, ആകെ 31472/-രൂപ (രശീതി നം.117010100743/12.06.2017)) തനതു വരുമാന സാധ്യതകൾ കുറവായ പഞ്ചായത്ത് നികുതി നിർണ്ണയത്തിലെ അപാകത അടിയന്തിരമായി പരിഹരിച്ച് ലഭ്യമാകേണ്ട നികുതി വരുമാനം ഉറപ്പു വരുത്തിയ നടപടി പ്രത്യേക അഭിനന്ദനമർഹിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിശ്ചിത സമയപരിധിക്കകം കരാറുകാർഎഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി.ഒ.(പി)13/2012/PWD/1-2-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 15831/-രൂപ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/9.8.17) ലഭ്യമായ മറുപടി കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതാണ് എന്നാണ്. കൂടാതെ കുണ്ടുകാട് അംഗൻവാടിക്ക് കെട്ടിടനിർമ്മാണം പ്രവൃത്തിയിൽ റെയിൽവെയുടെ NOC ലഭിക്കാത്തതു കൊണ്ടാണ് എഗ്രിമെന്റ് വയ്ക്കാതിരുന്നത് എന്നുമാണ്. എന്നാൽ ഇത് അംഗീകരിക്കത്തക്കതല്ല. കാരണം ടെണ്ടർ അംഗീകരിച്ച് നിയമാനുസൃത സമയപരിധിക്കകം എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. കൂടാതെ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനു മുൻപു തന്നെ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | ടെണ്ടർ തീയതി/ | സെലക്ഷൻ | എഗ്രിമെന്റ് വെച്ചത് / | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പി.എ.സി | അംഗീകരിച്ചത് | നോട്ടീസ് അയച്ചത് | കരാറുകാരൻ | |
| 1. | മലയമ്പള്ളം SC കോളനി റോഡ് വികസനം,38/16, 639467/- | 26.9.15<br>1.10.15 | തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. | 8.2.16<br>കലാധരൻ | 6395 |
| 2 | കുണ്ടുകാട് അംഗൻവാടിക്ക് കെട്ടിടനിർമ്മാണം 124/16, 943621/- | 22.9.15<br>1.10.15 | തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. | 18.1.16<br>രാധാകൃഷ്ണൻ | 9436 |
| | ആകെ | | | | 15831 |

## 3-2 ഇ-ടെണ്ടർ നടത്തിയതിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ പ്രകാരം കാണുന്നു. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻവർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം (ടെണ്ടർ ഫയൽ പ്രകാരം)ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി | ലഭിച്ച ടെണ്ടറുകളുടെ | ടെണ്ടർ ഫീസ് + | ആകെ തുക |
|---|---|---|---|---|---|---|

| | | | | എണ്ണം | വാറ്റ് | |
|---|---|---|---|---|---|---|
| 1 | കോരത്തുപറമ്പ് റോഡ് പുനരുദ്ധാരണം, 43/17 | 651000 | 27.1.17 | 2 | 1470 | 2940 |
| 2 | പൊക്കുന്നി വട്ടച്ചിറ കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം,66/17 | 650000 | 27.1.17 | 2 | 1365 | 2730 |
| 3 | അത്തിക്കോട് കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം,44/17 | 650000 | 27.1.17 | 2 | 1365 | 2730 |
| 4. | കാക്കരക്കളം വളർത്തുകാട് പുത്തൻകളം റോഡ് പുനരുദ്ധാരണം<br>72/17 | 535000 | 27.1.17 | 3 | 1155 | 3465 |
| 5. | കാക്കരക്കളം വളർത്തുകാട് പുത്തൻകളം റോഡ് പുനരുദ്ധാരണം,72/17 (റീടെണ്ടർ) | 535000 | 23.2.17 | 2 | 1155 | 2310 |
| | ആകെ | | | | | 14175 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ(നം.11/9-8-2017)ത്തിന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽനിന്നും ടെണ്ടർ ഫീസിനത്തിലുള്ള തുക ലഭ്യമാക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 കാക്കരക്കളം വളർത്തുകാട് പുത്തൻകളം റോഡ് പുനരുദ്ധാരണം -ഇ ടെണ്ടർ -കരാറുകാരൻ പിൻമാറി -നിരതദ്രവ്യം കണ്ടുകെട്ടിയിട്ടില്ല.

പ്രൊജക്ട് നം : 72/17

അടങ്കൽ :535000

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുടെ ഇ-ടെണ്ടർ 23.1.2017 ന് നടത്തിയപ്പോൾ ലഭ്യമായ രണ്ടു ടെണ്ടറുകളിൽ കുറവു നിരക്ക് ക്വോട്ടു ചെയ്തത് ശ്രീ.ടി.എ. രാമലിംഗം എന്ന കരാറുകാരൻ ആണ്. 9.2.17-ലെ ഭരണസമിതി തീരുമാനം നം.8 പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ "അറിവില്ലായ്മ കൊണ്ടും ആരോഗ്യ പ്രശ്നം കൊണ്ടും പ്രവൃത്തി ചെയ്യാൻ പ്രയാസമായതിനാൽ " പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷ നൽകിയതായി 4.2.17 തീയതിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനു കത്തു നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 9.2.17-ലെ ഭരണസമിതി തീരുമാനം നം.8(1)പ്രകാരം കരാറിൽ നിന്നും പിൻമാറിയിട്ടുള്ളതിനാൽ കരാറുകാരനെതിരെ കരാർ ലംഘനത്തിന് നിയമാനുസൃതം നടപടി സ്വീകരിക്കുവാവാനും പ്രവൃത്തി പുനർ ഇ-ദർഘാസ് നടത്തുവാനും എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കരാറുകാരൻ പിന്മാറിയതായി കത്തു നൽകിയ സാഹചര്യത്തിൽ ടിയാന്റെ ടെന്റർ അംഗീകരിച്ചത് ഉചിതമായില്ല. മേൽ തീരുമാനമനുസരിച്ച് ഈ പ്രവൃത്തിയുടെ പുനർ ഇ-ദർഘാസ് 23.2.17-ന് നടത്തിയതായി ഫയൽ പ്രകാരം കാണുന്നു. എന്നാൽ കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ ഭരണസമിതി തീരുമാന പ്രകാരം നിയമാനുസൃതം സ്വീകരിക്കേണ്ട യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കരാറുകാരൻ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറുടമ്പടി പ്രകാരം ടിയാൻ കരാറിൽ നിന്നും പിൻമാറിയാൽ ടിയാൻ അടച്ച നിരതദ്രവ്യം കണ്ടുകെട്ടേണ്ടതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ഇതനുസരിച്ച് കരാറുകാരൻ അടച്ച നിരതദ്രവ്യം (ഇ-ടെണ്ടർ ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടച്ചത്) തുക 13400/-രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ലഭ്യമാകാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/09.08.17-ന് ലഭ്യമായ മറുപടി ഇ.എം.ഡി കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിലേക്ക് കത്തു നൽകിയിട്ടുണ്ട് എന്നാണ്.

## 3-4 കുണ്ടുകാട് അങ്കണവാടി കെട്ടിട നിർമ്മാണം ഇ-ടെണ്ടർ തുറക്കുന്നതിനു മുൻപ് ഭരണസമിതി അംഗീകരിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്റ്റ് നം : 124/16

അടങ്കൽ :944000(ലോകബാങ്ക് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

കുണ്ടുകാട് അങ്കണവാടി കെട്ടിട നിർമ്മാണം പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുമ്പോൾ ഇതിന്റെ ടെണ്ടർ ഇ-ടെണ്ടർ മുഖേനയാണ് ചെയ്തിട്ടുള്ളതെന്നും ടെണ്ടറുകൾ 16.9.15മുതൽ 3.10.15 വരെയുള്ള കാലയളവിലാണ് സമർപ്പിക്കേണ്ടിയിരുന്നത് എന്നും കാണുന്നു. ടെണ്ടർ രേഖകൾ അനുസരിച്ച് ടെണ്ടറുകൾ സ്വീകരിക്കേണ്ട അവസാന തീയതി 3.10.15 ഉം ടെണ്ടറുകൾ തുറക്കുന്ന തീയതി 7.10.15 ഉം ആണ്. 2 പേർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ഫയലിൽ ഇ-ടെണ്ടർ തുറന്നതിന്റെയും അംഗീകരിച്ചതിന്റെയും രേഖകൾ ഇല്ല. സെലക്ഷൻ നോട്ടീസ് ഫോം ഫയലിലുണ്ടെങ്കിലും ഇതിൽ യാതൊരു രേഖപ്പെടുത്തലുമില്ല. എന്നാൽ ഭരണസമിതിയുടെ 1.10.15 ലെ ഭരണസമിതി യോഗതീരുമാനം (7)ൽ 9/15 ൽ നടന്നിട്ടുള്ള മറ്റു ടെണ്ടറുകൾ അംഗീകരിച്ചതായി രേഖപ്പെടുത്തലുണ്ടെങ്കിലും ഈ പ്രവൃത്തി അതിലുൾപ്പെടുന്നില്ല. എന്നാൽ ഈ തീയതിയിലെ തീരുമാനം നം.16 ൽ ലോകബാങ്ക് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ അംഗീകരിച്ചതായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുന്നുണ്ട്. എന്നാൽ 7.10.15 ൽ മാത്രം തുറക്കേണ്ട ഇ-ടെണ്ടർ പ്രകാരമുള്ള പ്രവൃത്തി ഗ്രാമപഞ്ചായത്ത് 1.10.15 ന് അംഗീകരിച്ചത് നടപടിക്രമങ്ങളുടെ വീഴ്ചയാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/9.8.17) ലഭ്യമായ മറുപടി " കുണ്ടുകാട് അങ്കണവാടിയുടെ ഇ-ടെണ്ടർ 7.10.15ന് ആണ് open ചെയ്തിരിക്കുന്നത്. പ്രസ്തുത ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ അതിനുശേഷമാണ് പഞ്ചായത്ത് ഭരണസമിതിയെ അറിയിച്ചിട്ടുള്ളത് " എന്നാണ്. എന്നാൽ ഇതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. നടപടിക്രമങ്ങളുടെ വീഴ്ചയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ, സെക്രട്ടറി, ഭരണസമിതി എന്നിവരിൽ നിന്നും വ്യക്തമായ വിശദീകരണം ആവശ്യപ്പെടുന്നു.

## 3-5 പൊതുമരാമത്തു പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു..

| വകയിരുത്തിയത് | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |

| | | | |
|---|---|---|---|
| 65 | 17415815 | 24 | 4487961 |

വകയിരുത്തിയ തുകയുടെ 25.76% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്ടുകളുടെ 36.92% ൽ മാത്രമേ ചെലവു നടന്നുള്ളൂ. പദ്ധതിവിഹിതം സാധാരണവിഹിതം, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവയിൽനിന്നും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. മെയിന്റനൻസ് ഫണ്ട് (റോഡിതരം)ഫണ്ടിൽ നിന്നും 1393714/-രൂപ വകയിരുത്തിയതിൽ 50213/-രൂപ(3.6%) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റു സ്ഥാപനങ്ങളിൽ നിന്നു ലഭ്യമാകേണ്ട സമ്മതപത്രങ്ങളും നിരാക്ഷേപസാക്ഷ്യപത്രങ്ങളും താമസം കൂടാതെ ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ ആവശ്യപ്പെടുന്നു.

ഓഡിറ്റ് വർഷം ആകെ 65 പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിൽ 7 പ്രവൃത്തികൾ 2015-16 വർഷത്തിൽ നിന്നും 2016-17 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നവയാണ്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ഒരു സ്പിൽഓവർ പ്രൊജക്റ്റ് അത് സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 7 സ്പിൽ ഓവർ പ്രവൃത്തികളിൽ 3 എണ്ണം 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/9.8.2017) ലഭ്യമായ മറുപടി അവയിൽ 2 പ്രവൃത്തികൾ 4/2017-ൽ തന്നെ പൂർത്തീകരിച്ചു എന്നും നായ്ക്കൻപൊറ്റ റോഡ് (12/17, അടങ്കൽ-195000, 17.8.15ൽ എഗ്രിമെന്റ് വെച്ചത്) പ്രവൃത്തി സ്ഥലത്തർക്കം നിലനിൽക്കുന്നതിനാൽ നിലവിൽ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

1. സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അവയുടെ പ്രയോജനം എത്രയും വേഗം

ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപായി ആയതിന്റെ സാധുത, ഫണ്ട് ലഭ്യത, പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനു മുൻപായി തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

3. സ്ഥലത്തർക്കം ഭരണസമിതി, അതാത് സ്ഥലത്തെ മെമ്പർമാർ എന്നിവർ ഇടപെട്ട് പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്റ്റ് നം: 38/17

അടങ്കൽ :1250000 (പ്ലാൻ ധനകാര്യ കമ്മീഷൻ ഗ്രാന്റ് -312500/-, സംസ്ഥാനാവിഷ്കൃതാഫണ്ട് -312500/-, മറ്റുള്ളവ – 625000)

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

ചെലവ് : 1. 2/16-17/25.2.17-237500

2. 4/16-17/30.3.17 - 75000

ആകെ - 312500/-രൂപ

2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്റ്റ് നം.38/17) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 312500/-രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ്ഫീഡിന് പദ്ധതി നിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ വിഹിതമാണ് നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.6/8.8.17) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 3-8 കിടാരിവിതരണം (SCP) - പദ്ധതി ഭാഗികമായേ നടപ്പിലായുള്ളൂ

പ്രൊജക്റ്റ് നം : 97/17

അടങ്കൽ :3340000( പദ്ധതി ഫണ്ട് SCP-1252500, ഗുണഭോക്തൃ വിഹിതം -2087500)

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

ചെലവ് : 1. 5/16-17/28.3.17 - 15000(പദ്ധതി ഫണ്ട്)

167 യൂണിറ്റുകൾക്ക് 7500/-രൂപ വീതം സബ്സിഡി നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. എന്നാൽ 2 ഗുണഭോക്താക്കൾക്ക് മാത്രമാണ് സഹായധനം നൽകിയത്. ഇവരുടെ ഗുണഭോക്തൃവിഹിതം 12500/-രൂപ വീതം പിരിച്ച് രശീതി നം:11601104645/23.03.17 പ്രകാരം പഞ്ചായത്തിൽ അടച്ചിരുന്നത് ചെലവഴിച്ചത് ചെക്ക്നം. 014514/12.4.17 - 25000/- പ്രകാരമാണ്. പദ്ധതി വിഹിതം വകയിരുത്തിയതിന്റെ 1.19% മാത്രമാണ് ചെലവഴിച്ചത്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ഗുണഭോക്തൃവിഹിതം അടച്ച് കിടാരിയെ വാങ്ങി രേഖകളുമായി ഗുണഭോക്താക്കൾ ഹാജരാകാതിരുന്നതിനാലാണ് പദ്ധതി ഫണ്ട് ചെലവഴിക്കാൻ സാധിക്കാതെ വന്നത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയത്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാധ്യതകൾ കണക്കിലെടുത്ത് തുക വകയിരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം

ഗ്രാമപഞ്ചായത്തിൽ ആകെ 17 അങ്കണവാടികൾ ഉണ്ട്. 13എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അങ്കണവാടികളുടെ പൊതു സ്ഥിതി താഴെ പറയുന്നു.

| അടിസ്ഥാനവിവരങ്ങൾ | എണ്ണം |
|---|---|
| അങ്കണവാടികളുടെ എണ്ണം | 17 |
| സ്വന്തമായി കെട്ടിടം ഉള്ളവ | 13 |
| വാടക കെട്ടിടത്തിലുള്ളവ | 4 |
| സ്ഥലം ലഭിച്ചത് | 2 |
| ടോയ്ലറ്റ് ഉള്ളവ | 14 |
| വൈദ്യുതി ഉള്ളവ | 10 |
| കുടിവെള്ളം ലഭ്യമായവ | 11 |

| | |
|---|---|
| ചുറ്റുമതിൽ ഉള്ളവ | 10 |
| ഗ്യാസ് കണക്ഷൻ | 17 |
| ഫുഡ് കണ്ടെയ്നർ ഉള്ളവ | 17 |

ഓഡിറ്റ് നിർദ്ദേശം

1.അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, വൈദ്യുതി, കുടിവെള്ളം, ചുറ്റുമതിൽ എന്നിവ എല്ലാ അങ്കണവാടികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥലം ലഭിച്ച അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് കണ്ടെത്തി പ്രൊജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്. പൂരക പോഷകാഹര പദ്ധതിക്കായി അനുവദിക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികളാവിഷ്ക്കരിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

2. ഫിറ്റ്നസ്

പഞ്ചായത്തിലെ 17 അങ്കണവാടിവാടികളും 2016-17ൽ അസി.എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇവ പരിശോധിക്കുമ്പോൾ സെന്റർ നം.99 -കൗണ്ടത്തറ അങ്കണവാടി കെട്ടിടത്തിന് unfit സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളത് എന്നു കാണുന്നു. ചുമരുകളിൽ വിള്ളലുകളുണ്ടെന്നും ജനലുകളും വാതിലുകളും നിലവും നശിച്ച കൊണ്ടിരിക്കുന്ന അവസ്ഥയിലാണെന്നും മേൽക്കൂര അപകടകരമായ വിധത്തിൽ നശിച്ച അവസ്ഥയിലാണെന്നും കെട്ടിടം ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമല്ല എന്നുമാണ് സർട്ടിഫിക്കറ്റിൽ ഉള്ളത്.



ഇതു സംബന്ധിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസർക്കു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.5/8.8.17) ലഭ്യമായ മറുപടി കൗണ്ടത്തറ അങ്കണവാടി മുൻ തമിഴ്നാട് മുഖ്യമന്ത്രി ഡോ.എം.ജി.രാമചന്ദ്രന്റെ(MGR) വീട്ടിലാണ് വാടകയില്ലാതെ പ്രവർത്തിക്കുന്നതെന്നും ഇപ്പോഴും ഈ സ്ഥലത്തുതന്നെയാണ് അങ്കണവാടി പ്രവർത്തിക്കുന്നത് എന്നുമാണ്. കൂടാതെ കെട്ടിടം unfit ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി സുരക്ഷിതമായ കെട്ടിടത്തിലേക്ക് മാറുന്നതിനായി അങ്കണവാടി പ്രവർത്തകർക്ക് നിർദ്ദേശം നൽകുകയും വാർഡ് മെമ്പറെ അറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

മേൽപ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-10 കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പ്രൊജക്ടുകൾ - തൊഴിൽസേനകൾക്ക് കാർഷികയന്ത്രോപകരണങ്ങൾ നൽകൽ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം തൊഴിൽസേനകൾക്ക് കാർഷികയന്ത്രോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് വിവരം |
|---|---|---|---|
| 1 | വടവന്നൂർ വനിതാ കർഷകതൊഴിലാളി സംഘത്തിന് കാർഷികയന്ത്രം വാങ്ങൽ, 86/17, GEN | 200000 # + 66667 266667 | ബിൽ നം-3/29.3.17-191846/- +63949# = 255795## |
| 2. | വടവന്നൂർ SC തൊഴിൽസേനക്ക് കാർഷികയന്ത്രം വാങ്ങൽ ,101/17, SCP | 250000 #+90000 340000 | ബിൽനം.- 4/29.3.17-242309 /-+86937#= 329246## |

#ഗുണഭോക്തൃവിഹിതം

##- A/C Transfer

ടെണ്ടർ ക്ഷണിച്ച് കാർഷികയന്ത്രോപകരണങ്ങൾ വാങ്ങിയിരിക്കുന്നത് റെയ്ഡ്കോ, നെന്മാറ എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിൽ വടവന്നൂർ തൊഴിൽസേനക്ക് കാർഷികയന്ത്രം

വാങ്ങിയിരിക്കുന്നതിന്റെ ബിൽ (07106/24.3.17)താഴെ കാണും വിധമാണ്.

| ക്രമ നം. | ഇനം | വില (5% വാറ്റ് ഉൾപ്പെടെ) |
|---|---|---|
| 1 | Kubota 4 row rice transplanter (walk behind)-1 no. | 234500 |
| 2 | Paddy winnower (0.5HP type-1 no. | 39396 |
| 3 | Garden Tiller Kamco B30 with Furower-1no. | 55350 |
| | ആകെ | 329216 |

കൃഷി ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം മേൽപ്പറഞ്ഞ ഉപകരണങ്ങൾ അവയുടെ നടത്തിപ്പും അറ്റകുറ്റപ്പണികളുടെ വ്യവസ്ഥകളോടും കൂടിയ എഗ്രിമെന്റ് -തീയതി-1.6.2017 -വെച്ച് വടവന്നൂർ SC തൊഴിൽസേനയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതുപ്രകാരം തൊഴിൽസേനയുടെ സ്റ്റോക്ക് രജിസ്റ്റർ, വരവുചെലവു പുസ്തകം, പാസ്സ്ബുക്ക് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽസേനയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽ പട്ടികയിലെ ക്രമ നം.2-Paddy winnower(0.5HP type) ലഭ്യമായിട്ടില്ല. സംഘത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും ഈ ഉപകരണം ലഭ്യമായിട്ടില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

2. തുക മുൻകൂർ നൽകിയിട്ടും ലഭ്യമാകാത്ത ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി ഓഫീസർ ഓഡിറ്റ് കാലയളവുവരെ സ്വീകരിച്ചിട്ടില്ല.

3. ലഭ്യമാകാത്ത ഉപകരണം എഗ്രിമെന്റ് വെച്ച് കൈമാറിയതായി രേഖപ്പെടുത്തി.

4. തൊഴിൽസേനയുടെ വരവുചെലവു പുസ്തകം പൂർണ്ണമല്ല. ഇത് കൃഷി ഓഫീസർ പരിശോധിച്ചതായി രേഖകളില്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(9/9.8.2017)ക്ക് ലഭ്യമായ മറുപടിയിൽ

ഉപകരണം തൊഴിൽസേനക്ക് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

ഉപകരണം തൊഴിൽസേനക്ക് ലഭ്യമാകുന്നതു വരെ ഇതിനുവേണ്ടി ചെലവു ചെയ്ത തുക 39396/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 2 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 8 എൽ.പി/യു.പി സ്കൂളുകൾക്ക് വർത്തമാനപത്രം വാങ്ങൽ(27/17), വാർത്താപത്രിക തയ്യാറാക്കൽ (28/17)എന്നിവയാണ് ഇവ. രണ്ടു പ്രോജക്ടുകളും പൊതുവിഭാഗം വികസനഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്.

| പ്രൊജക്റ്റ് നം | അടങ്കൽ | ചെലവ് | ബിൽ നം/തീയതി |
|---|---|---|---|
| 27/17 | 30,000 | 30,000 | 1/16-17/29.03.17 |
| 28/17 | 24,000 | 24,000 | 2/16-17/29.03.17 |

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 പ്രകാരം ഒരു വ്യക്തിക്കോ ഒരുകുടുംബത്തിനോ ഒരു വിഭാഗത്തിനോ സ്വയം ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായിരിക്കണം പൊതുപണം വകയിരുത്തേണ്ടത് എന്ന് പ്രത്യേകം പരാമർശിക്കുന്നു. കൂടുതൽ വികസനോന്മുഖമായ പദ്ധതികൾക്കു പകരം മേൽ പ്രോജക്ടുകൾ നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നു കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം 2/02-08-17) മറുപടി ലഭ്യമായില്ല. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വാർത്തമാന പത്രങ്ങൾ വാങ്ങുന്നതിനു ചെലവഴിച്ച 30000/-രൂപ വിശദീകരണത്തിന്റെ അഭാവത്തിൽ തടസ്സത്തിൽ വെയ്ക്കുന്നു. സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതികൾ ഫലപ്രദമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പൊതുടാപ്പുകളുടെ വെള്ളക്കരം

വാട്ടർ അതോറിറ്റിയുടെ 148 പൊതു ടാപ്പുകൾക്ക് പഞ്ചായത്ത് വാട്ടർ ചാർജ് അടവാക്കുന്നുണ്ട്. പ്രതിമാസം 64750/- രൂപ പ്രകാരം ഒരു വർഷം 7,77,000/- രൂപ ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകൾ ഒഴിവാക്കി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഈ ഇനത്തിലുള്ള ചെലവ് കുറക്കാവുന്നതാണ്. 12-ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ 11.01.2016(കുടിവെള്ളം)

നിർദ്ദേശങ്ങൾ പാലിക്കാവുന്നതാണ്.

## 3-13 ലൈബ്രറിസെസ്സ് കുടിശ്ശിക

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 110902/- രൂപ ലൈബ്രറിസെസ്സ് ഇനത്തിൽ വരവുണ്ട്. ഇതിൽ 41,437/- രൂപയാണ് അടവാക്കിയിട്ടുള്ളത്, ബാക്കി 69465/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. ലൈബ്രറിസെസ്സ് വരവ് അതാത് അർദ്ധവർഷം തന്നെ അടാവാക്കേണ്ടതാണ്.

## 3-14 തെരുവ് വിളക്കുകളുടെ പരിപാലനം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മാത്രമെ മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. അടയ്ക്കുന്ന വൈദ്യുതി ചാർജിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി പൂർണ്ണമായും മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴവൻ വിളക്കുകൾക്കും മീറ്റർസംവിധാനം ഏർപ്പെടുത്തിയാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്ന സാഹചര്യം ഒഴിവാക്കാവുന്നതും അതുവഴി ചെലവ് കുറക്കാവുന്നതുമാണ്. ആയതിനാൽ അടയ്ക്കുന്ന വൈദ്യുതി ചാർജിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി പൂർണ്ണമായും മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ പട്ടിക രൂപത്തിൽ കൊടുക്കുന്നു.

| തരം | എണ്ണം |
|---|---|
| സി.എഫ്.എൽ -30 വാട്ട്സ് | 462 |
| സി.എഫ്.എൽ -15 വാട്ട്സ് | 14 |
| സി.എഫ്.എൽ -45 വാട്ട്സ് | 19 |
| സോഡിയം വേപ്പർ ലാമ്പ് – 250 വാട്ട്സ് | 18 |
| ട്യൂബ് – 80 വാട്ട്സ് | 83 |

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | 2016-17-ൽ ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തുക | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 150000 | സാന്ത്വന പരിചരണ ചികിത്സ പദ്ധതി (33/17) | 150000 | 0 |
| | 120000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (85/17) | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 1920000 | സമഗ്ര നെൽ കൃഷി വികസനം (40/17) | 1920000 | 0 |
| സി.ഡി.പി.ഒ. കൊല്ലങ്കോട് | 937665 | അംഗനവാടി പോഷകാഹാരം (91/17) | 510618 | 427047 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സെക്രട്ടറി | ജല അതോറിറ്റി | മണ്ണാൻകുളമ്പ് എസ്.സി.കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ (107/17) | ട്രഷറി ബിൽ നം-18/11-01-17 200000/- | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |
| | | കുണ്ടുക്കാട് പൈപ്പ് ലൈൻ നീട്ടൽ (133/17) | ട്രഷറി ബിൽ നം-30/10-03-17 50000/- | | |
| | | മരുളുർകുളമ്പ് കുടിവെള്ള പദ്ധതി (152/17) വലിക്കൽ | ട്രഷറി ബിൽ നം-38/29-03-17 200000/- | | |
| | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം (146/17) | ട്രഷറി ബിൽ നം-27/06-03-17 153040/ | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി- യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 957/2010/ ത.സ്വ.ഭ.വ/ 20.3.2010 | 4340000 | 271000/- | 271000/- | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 42747/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-5 | 1000 | ശ്രീ.വി.കലാധരൻ, കോൺട്രാക്ടർ | 11601500016/ 17.12.16 |
| | | 5600 | | |
| | | 7810 | | |
| | | 7180 | | |
| | | 8450 | | |
| | 3-5 | 10100 | ശ്രീ.രമേഷ്, കോൺട്രാക്ടർ | 11601500015/ 16.12.16 |
| | 3-5 | 2607 | ശ്രീ.വേലായുധൻ, കോൺട്രാക്ടർ | 11601500017/ 11.1.17 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 ഖണ്ഡിക -2 | 2013-14 ഖണ്ഡിക -2 | മുണ്ടപ്പള്ളി കുളമ്പ് കിണർ നിർമ്മാണം | കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 36973307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35366822 |
| വരവിനങ്ങളിലുള്ള നഷ്ടം | | _ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15831 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 69396 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 15831(fine) | ശ്രീ.ഉണ്ണി.കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-10 | 39396 | ഭാഗ്യലത,<br>കൃഷി ഓഫീസർ |
| 3-11 | 30000 | ലിസ്സി ജോസഫ്<br>ഹെഡ് മിസ്ട്രസ് |
| ആകെ | **69396** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉണ്ണി.കെ.എസ്.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പെരുവെമ്പ് ഗ്രാമപഞ്ചായത്ത് | തായങ്കാവു മഠം,<br>തേങ്കുറിശ്ശി,<br>പാലക്കാട്,<br>678671. |

# **4-9.** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1996-97 | LF P-9/1326/08/ 13.10.09 | പുനരഭിപ്രായം |
| 1997-98 | LF P-9/1326/08/ 13.10.09 | ടി |
| 1998-99 | LF P-9/1326/08/ 17.11.09/14.1.10 | ടി |
| 1999-00 | LF P-9/1326/08/ 17.11.09 | ടി |
| 2000-01 | LF P-9/1622/09/ 18.3.10 | ഖണ്ഡിക തീർപ്പാക്കിയത് |
| 2001-02 | LF P9/1924/R3/06/10.2.06 | ഓഡിറ്റ് ഫീ സംബന്ധിച്ച് |

| | | |
|---|---|---|
| 2002-03 | LF P-9/1127/ 07/5.7.08/8.7.08 | പുനരഭിപ്രായം |
| 2003-04 | LF P-19/1604/ 14/11.2.14 | എച്ച്.ഒ യിലേക്കുള്ള കത്ത് |
| 2004-05 | LF P-15/1538/ 09/23.3.11 | പുനരഭിപ്രായം |
| 2005-06 | LF P-19/1209/13/ 8.8.14 | ടി |
| 2006-07 | LF P-19/481/10/6.9.10 | ടി |
| 2007-08 | LF P-19/482/10/6.9.10 | ടി |
| 2008-09 | LF P-19/174/15/9.2.15 | ഖണ്ഡിക 3-2 സംബന്ധിച്ച കത്ത് |
| 2009-10 | LF P-19/969/12/ 29.6.12 | പുനരഭിപ്രായം |
| 2010-11 | LF P-19/78/15/16.5.15 | എച്ച്.ഒ യിലേക്കുള്ള കത്ത് |
| 2011-12 | LF P-19/387/14/6.6.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14 | KSA-PKD-19/1402/15/14.01.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | KSA-PKD-19/ | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD-19-88/2017/11.1.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പി.കെ.ഡി.19-1939/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി : 08-11-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ

ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No. KSA-PKD.19-1939/2017

Kerala State Audit Department

District Audit Office,Palakkad

Dated : 08-11-2017

Audit Certificate

Certified that I have audited the Annual Financial Statement of Vadavannur Grama Panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.In my opinion, the Financial Statements of Vadavavannur Grama Panchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

Abstract of Defects

1.Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets
2.Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

Deputy Director.